## കേരള സർവകലാശാല

നം.പി.ആർ.171/2016 ഫോൺ : 2305738

## പത്രക്കുറിപ്പ്

### എം.ഫിൽ ഇന്റർവ്യൂ

കേരള സർവകലാശാലയിലെ വിവിധ പഠനവകുപ്പുകളിലേയും യൂണിവേഴ്സിറ്റി കോളേജിലേയും എം.ഫിൽ (2016-17) പ്രോഗ്രാമിലേക്കുള്ള സംയുക്ത ഇന്റർവ്യൂ സെപ്റ്റംബർ 20-ന് തുടങ്ങും. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.admissions.keralauniversity.ac.in) ലഭിക്കും. ഇന്റർവ്യൂവിന് ഹാജരാകുന്നവരെ മാത്രമേ പ്രവേശനത്തിനുള്ള തുടർ നടപടികൾക്ക് പരിഗണിക്കുകയുള്ളൂ.

### എം.എ.എച്ച്.ആർ.എം വൈവ

കേരള സർവകലാശാല ജൂലൈയിൽ നടത്തിയ എം.എ.എച്ച്.ആർ.എം വൈവ സെപ്റ്റംബർ 26-ന് ശ്രീകാര്യം ലയോള കോളേജ് ഓഫ് സോഷ്യൽ സയൻസിൽ നടക്കും. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

### ബി.വോക് ഫലം

കേരള സർവകലാശാല 2015 ഡിസംബറിൽ നടത്തിയ മൂന്നാം സെമസ്റ്റർ ബി.വോക് പ്രോഗ്രാം ഇൻ ടൂറിസം & ഹോസ്പിറ്റാലിറ്റി മാനേജ്മെന്റ് (352 – റഗുലർ – 2014 സ്കീം) പരീക്ഷയുടെ ഫലം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

### ബി.എ എൽ.എൽ.ബി സൂക്ഷ്മപരിശോധന

കേരള സർവകലാശാല ജൂണിൽ നടത്തിയ പത്താം സെമസ്റ്റർ ബി.എ എൽ.എൽ.ബി പരീക്ഷയുടെ സൂക്ഷ്മപരിശോധനയ്ക്ക് അപേക്ഷിച്ചവർ പുനർമൂല്യനിർണ്ണയ വിഭാഗത്തിൽ സെപ്റ്റംബർ 19 മുതൽ 27 വരെയുള്ള പ്രവൃത്തി ദിവസങ്ങളിൽ വൈകുന്നേരം മൂന്ന് മണിമുതൽ അഞ്ച് മണിവരെയുള്ള സമയങ്ങളിൽ ഹാൾടിക്കറ്റ്, തിരിച്ചറിയൽ രേഖ സഹിതം ഹാജരാകണം.

### എം.എസ്സി പ്രാക്ടിക്കൽ, വൈവ

കേരള സർവകലാശാല ജൂലൈയിൽ നടത്തിയ നാലാം സെമസ്റ്റർ എം.എസ്സി അനലറ്റിക്കൽ കെമിസ്ട്രി, അപ്ലൈഡ് കെമിസ്ട്രി പരീക്ഷകളുടെ പ്രാക്ടിക്കലും വൈവയും സെപ്റ്റംബർ 26 മുതൽ ഒക്ടോബർ ഏഴ് വരെ രാവിലെ 9.30 മുതൽ 3.30 വരെ അതത് കോളേജുകളിൽ നടത്തും. ടൈംടേബിൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

### എം.എ അറബിക് വൈവ

കേരള സർവകലാശാല ജൂലൈയിൽ നടത്തിയ നാലാം സെമസ്റ്റർ എം.എ. അറബിക് പരീക്ഷയുടെ വൈവ സെപ്റ്റംബർ 26-ന് എം.എസ്.എം കോളേജിലും സെപ്റ്റംബർ 28-ന് യൂണിവേഴ്സിറ്റി കോളേജിലും രാവിലെ 10

മണിമുതൽ 4.30 വരെ നടത്തും. ടൈംടേബിൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## എം.സി.എ (സ്പെഷ്യൽ സപ്ലിമെന്ററി) പരീക്ഷ

കേരള സർവകലാശാല ഒക്ടോബർ 18-ന് തുടങ്ങുന്ന അഞ്ചാം സെമസ്റ്റർ എം.സി.എ (2011 സ്കീം - സ്പെഷ്യൽ സപ്ലിമെന്ററി) പരീക്ഷയക്ക് ഓൺലൈനായി സെപ്റ്റംബർ 19 മുതൽ അപേക്ഷിക്കാം. പിഴകൂടാതെ സെപ്റ്റംബർ 28 (50 രൂപ പിഴയോടെ ഒക്ടോബർ ഒന്ന്, 250 രൂപ പിഴയോടെ ഒക്ടോബർ നാല്) വരെ അപേക്ഷിക്കാം.

## ഡിഗ്രി സർട്ടിഫിക്കറ്റിന് അപേക്ഷിക്കാം.

കേരള സർവകലാശാലയിൽ നിന്ന് മുൻ വർഷങ്ങളിൽ ഡിഗ്രി, പി.ജി പരീക്ഷകൾ വിജയിച്ച് ഒറിജിനൽ ഡിഗ്രി സർട്ടിഫിക്കറ്റിന് അപേക്ഷിക്കാത്തവർ (2016 ജൂൺ 30 വരെ ഡിഗ്രിയ്ക്ക് യോഗ്യത നേടിയവർ) ഉടനെ അപേക്ഷിക്കണം. നിർദ്ദിഷ്ട അപേക്ഷാഫോറത്തിനോടൊപ്പം ഫീസ് അടച്ചതിന്റെ അസ്സൽ രസീത്, മാർക്ക് ലിസ്റ്റുകളുടേയും പ്രൊവിഷണൽ സർട്ടിഫിക്കറ്റിന്റെയും യോഗ്യത സർട്ടിഫിക്കറ്റിന്റെയും (എസ്.എസ്.എൽ.സി, പ്രീഡിഗ്രി/ഹയർ സെക്കൻഡറി/ബിരുദം) പകർപ്പ് സഹിതം സെപ്റ്റംബർ 26-നകം അപേക്ഷ സമർപ്പിക്കണം. അപേക്ഷ സർവകലാശാല ഓഫീസിൽ നിന്നും നേരിട്ടോ വെബ്സൈറ്റിൽ നിന്നോ ലഭിക്കും.
(കേരളത്തിലെ എല്ലാ എഡിഷനുകളിലും പ്രസിദ്ധീകരിക്കുന്നതിന്)

സർവകലാശാല മന്ദിരം,
തിരുവനന്തപുരം.
17.09.2016

പബ്ലിക് റിലേഷൻസ് ഓഫീസർ

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ

e-mail: ku.release@gmail.com website: www.keralauniversity.ac.in

University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098